# Parish Bulletin. April 20, 2014, Vol. 9, Issue 29

## SACRED HEART KNANAYA CATHOLIC PARISH

611 Maple Street, Maywood, IL 60153

*www.knanayaregion.us/chicago * sajipinarkayil@gmail.com * 630-563-2565**


ഉയിർപ്പുകാലം WEEKS OF RESURRECTION

| APRIL OFFERINGS | APRIL 13 |
|---|---|
| Sunday Holy Qurbana Collection | $1,622.00 |
| St. Anthony Novena | $79.00 |
| Annual Contribution | $1,010.00 |
| Hall Rent | $500.00 |
| Fund Raising 2014 | $4,750.00 |
| Holy Communion Fund | $2,000.00 |
| Misc. Sponsorship | $250.00 |
| **Total** | **$10,211.00** |
| **AGAPE MOVEMENT** | |
| Sacred Heart Agape Store | $27.00 |
| St. Mary's Agape Store | $78.00 |
| Sponsor a Seminarian - 2 | $500.00 |
| Birthday Donation | $40.00 |
| Donation Box | $100.00 |
| **TOTAL AGAPE** | **$745.00** |

## Koodarayogam Gatherings

**Infant Jesus:** Saturday, April 26th, 2014 at 6:30 PM at Kunjumon and Sally Aikaraparambil's House.
**Holy Family**: Sunday, April 27th 2014 at 7:00 PM at Johney & Elsy Puthenparampil's house. Addr: 1440 Larsen Ln, Naperville, IL Ph: (630) 778-1443
**St. Alphonsa**: Saturday, May 10th 2014 at 7:00 PM at Jose and Lucy Kaniyaly's House. Addr: 166 Braintree Dr, Bloomingdale, IL Ph: (630) 728-7956
**St. Stephen**: Sunday, May 11th 2014 at 6:30 PM at Kurian & Alamma Nellamattam's House.
**Our Lady Of Guadalupe**: Sunday, May 18th 2014 at 2:00 PM at Sunny and Rosamma Akkathara's House.

## CHURCH SCHEDULES & ACTIVITIES

**HOLY THURSDAY, APRIL 17, 2014**
**Holy Hour Adoration from 5:00 PM.**
**Solemn Holy Qurbana** at 7:00 PM.
**PASSION FRIDAY, APRIL 18, 2014**
**Passion Friday** service starts at 10:00 AM.
**Way of the Cross followed by Passion Friday Service.**
**GREAT SATURDAY, APRIL 19, 2014**
**Holy Qurbana** at 10:00 AM.
Bring candles and bottles for new Holy Water and Light.
**EASTER EVE, SATURDAY, APRIL 19, 2014**
**Easter Vigil Holy Qurbana** at 7:00 PM.
**EASTER SUNDAY, APRIL 20, 2014**
**Holy Qurbana** at 10:00 AM.
**MONDAY to WEDNESDAY , APRIL 21 - APRIL 23, 2014**
**Holy Qurbana** at 7:00 PM.
**Novena of St. Anthony after Holy Qurbana on Tuesdays.**
**THURSDAY, APRIL 24, 2014**
**Holy Qurbana** at 7:00 PM. **Holy Hour Adoration and Divine Mercy Novena after Holy Qurbana.**
**FRIDAY, APRIL 25, 2014**
**Holy Qurbana** at 7:00 PM. **Novena of St. Michael.**
**SATURDAY, APRIL 26, 2014**
**Holy Qurbana at 10:00 AM.** Novena of our Lady of Perpetual Help after **Holy Qurbana.** Malayalam Class at 10:45 AM.
**DIVINE MERCY SUNDAY, APRIL 27, 2014**
**Holy Qurbana** at 10:00 AM. Religious Education Class at 10:00 AM. English **Holy Qurbana** at 11:45 AM. **Feast of Divine Mercy.**

**നമ്മുടെ തിരുഹൃദയ ദൈവാലയത്തിൽ എല്ലാ വ്യാഴാഴ്ച്ചയും വൈകുന്നേരം വിശുദ്ധ കുർബാനയേ തുടർന്ന് തിരുമണിക്കൂർ ആരാധനയും ദിവ്യകാരുണ്യ നൊവേനയും മാർച്ച് 6 മുതൽ ആരംഭിച്ചിരിക്കുന്നു.**

**Wedding Bells:** Shalu Mathew Simon s/o Mathew & Leelamma Simon Vazhakalayil from Holy Family Knanaya Catholic Parish, Atlanta, with Shefy Alexandar d/o Alex & Rosely Kannachamparambil from Sacred Heart Knanaya Catholic Parish, Chicago held in Chicago on May 24th, 2014. (2/3).



# Easter Sunday
# (ഉയിർപ്പ് ഞായർ)

### At Sacred Heart Knanaya Catholic Church
### On Saturday, April 19th 7:00 PM

- **Resurrection Services**
- **Procession with resurrected Jesus**
- **Solemn Holy Qurbana**
- **Easter Message**

**Easter Greetings to All !!!**

| READINGS & READERS ( നോമ്പുകാലം & ഉയിർപ്പുകാലം) | | | | |
|---|---|---|---|---|
| നോമ്പുകാലം - Holy Thursday ( പെസഹാ വ്യാഴം ) & Passion Friday (പീഡാനുഭവവെള്ളി ) | | | | |
| | APRIL 17 - പെസഹാ വ്യാഴം | | APRIL 18 - പീഡാനുഭവവെള്ളി | |
| Readings | READINGS | 07:00 PM | READINGS | 10:00 AM |
| 1st Reading | Exodus 12:1-20 | Shawn Panayaparambil | Genesis 22:1-19 | Venesa Indikuzhy |
| 2nd Reading | Malachi 1:10-14 | Jimmy Kaniyaly | Isaiah 52:13-53 :9 | Mary Kudasseril |
| 3rd Reading | 1Corinthians11:23-29 | Albin Mutholam | Romans 5:6-16 | Sindhu Pazhyampally |
| Gospel | St. John 13:1-14 & St. Mathew 26:26-30 | Washing of the feet and Institution of Holy Qurbana. | Lk 22:63-23:12 + Mt 27:19 + Lk 23:13-23 + Mt 27:24-25 + Lk 23:24-45+ Mt. 27:51-54+Jn. 19:23-42 | |
| നോമ്പുകാലം - Great Saturday (വലിയ ശനി) & ഉയിർപ്പുകാലം - Easter (ഉയിർപ്പ് ഞായർ) | | | | |
| | APRIL 19 - വലിയ ശനി | | APRIL 19 Evening - ഉയിർപ്പ് ഞായർ | |
| Readings | READINGS | 10:00 AM | READINGS | 10:00 AM |
| 1st Reading | Genesis 22:1-19 | Suja Ethithara | Isaiah 60:1-7 | Phinu Thoompanal |
| 2nd Reading | Jonah 2:1-10 | Teena Neduvampuzha | 1 Samuel 2:1-10 | Surej Kolady |
| 3rd Reading | Romans 6:3-11 | Ancy Chelackal | Romans 5:20-6:23 | Nabeesa Chemmachel |
| Gospel | St. Mathew 28:1-20 - Good news of Resurrection. | | St. Mathew 28:1-6 | Resurrection of Christ. |

| ഉയിർപ്പുകാലം - Second Sunday of Resurrection (Divine Mercy Sunday) | | | |
|---|---|---|---|
| April 27 | READING | 10:00 A.M. | 11:45 AM. |
| 1st Reading | Acts of Apostles 4: 32-37 | Thankamma Nediyakalayil | Steven Ellankiyil |
| 2nd Reading | Colossians 1: 12-20 | Lydia Moonnuparayil | Charles Pullapally |
| **Gospel** | **St. John 20: 19-29** | **Thomas the apostle professes his faith in Jesus..** | |

# Holy Week Schedule

- Palm Sunday - Sunday, April 13th at 10:00 AM
- Holy Thursday – Thursday, April 17th at 07:00 PM
- Passion Friday – Friday, April 18th at 10:00 AM
- Great Saturday - Saturday, April 19th at 10:00 AM
- Easter Vigil Mass – Saturday, April 19th at 7:00 PM
- Easter Sunday – Sunday, April 20th at 10:00 AM
- Divine Mercy Sunday - Sunday, April 27th at 10:00 AM

# SACRED HEART KNANAYA CATHOLIC CHURCH OF CHICAGO *Proudly Presents*

611 Maple St. Maywood, IL 60153

Warm welcome from
Vicar Fr. Saji Pinarkayil and
Trustees of
Sacred Heart Knanaya Catholic Parish

**ON SATURDAY MAY 17, 2014 AT 7.00 PM**

AT EVANSTON TOWNSHIP HIGH SCHOOL
1600 DODGE AVE
EVANSTON, IL 60204




**Ticket Booking**

| | |
|---|---|
| Saji Erapuram | 630 696 0754 |
| Thampichen Chemmachel | 630 788 6486 |
| Sunny Indikuzhy | 630 674 7869 |
| Thomas Neduvampuzha | 630 854 9517 |



Mega Sponor
John & Molly Puthusseril receiving first ticket from Vicar Fr. Saji Pinarkayil

Grand Sponor GAS DEPOT




# Divine Mercy Sunday

## At Sacred Heart Knanaya Catholic Church

## On Sunday, April 27th 10:00 AM

- Divine Mercy Chaplet
- Divine Mercy Novena
- Holy Qurbana
- Divine Mercy Message
- Adoration

All are welcome.

# ഉയിർപ്പുകാലം

ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്. ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയുംമേൽ അവിടുന്നു വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്ത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പുതിരുനാളിനോട് അനുബന്ധിച്ചായിരുന്നു. വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ "ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്" (റോമാ 6:4-5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ച "പുതുക്രിസ്ത്യാനി"കളുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു. അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമ്മോദീസ നല്കുക ഉചിതമായിരിക്കും.

# Season of Resurrection

The Season of Resurrection consists of seven weeks from Easter to Pentecost. It is a time of joy recalling the new life obtained through the resurrection of the Saviour. In fact, the prayers and hymns of this period reflect this joy. Some of the important themes of this liturgical season are the resurrection of Christ, his victory over sin, death and Satan, the cross which was a sign of folly becoming the sign of redemption and glory, the resurrection of Christ as a pledge of our resurrection, His resurrection as a basis Christian faith etc.

The early Church was administering the sacrament of baptism in connection with Easter. As St. Paul reminds us, 'We were buried therefore with him by baptism into death, so that as Christ was raised from the dead by the glory of the Father, we too might walk in newness of life. For if we have been united with him in a death like his, we shall certainly be united with him in a resurrection like his.' (Rom 6: 4-5) The week after Easter was set apart for the newly baptized. It is worth imitating this ancient tradition of administering baptism in connection with Easter.

# പെസഹാ ഭക്ഷണം തയ്യാറാക്കലും ഇണ്ടറിയപ്പം മുറിക്കൽ ശുശ്രൂഷയും

## Knanaya Catholic Region

**St. Thomas Syro-Malabar Catholic Diocese of Chicago**

*(For private use only)*

## പെസഹാ ഭക്ഷണം തയ്യാറാക്കൽ

(പുളിപ്പില്ലാത്ത പെസഹാ അപ്പം)

### ചേരുവകൾ

| | |
|---|---|
| പച്ചരി | -1കിലോഗ്രാം |
| ഉഴുന്ന പരിപ്പ് | -150 ഗ്രാം |
| തേങ്ങാ | -2 എണ്ണം |
| ജീരകം | -30 ഗ്രാം |
| ചുവന്നുള്ളി | -100 ഗ്രാം |
| വെളുത്തുള്ളി | -20 ഗ്രാം |
| ഉപ്പ് | -ആവശ്യത്തിന് |
| കുരുത്തോലക്കഷണം | |

### പാകം ചെയ്യുന്ന വിധം

പച്ചരി കഴുകി പൊടിച്ച് *(തരി മീഡിയം)* വറുത്തെടുക്കുക. ഉഴുന്ന് ഓട്ടിൽ *(എണ്ണ ചേർക്കാതെ)* ചൂടാക്കി ഇളം ചുവപ്പാകുമ്പോൾ വാങ്ങുക. ഉഴുന്ന് വെള്ളത്തിലിട്ട് കുതിർന്നു കഴിയുമ്പോൾ എടുത്ത് അരയ്ക്കുക. ജീരകവും വെളുത്തുള്ളിയും ചുവന്നുള്ളിയും നന്നായി അരച്ചെടുക്കുക. തേങ്ങാ തരി വരത്തക്കവിധം മാത്രം അരയ്ക്കുക. അരിപ്പൊടിയിൽ ഉപ്പും വെള്ളവും ചേർത്തു കുഴയ്ക്കുക. അതിനുശേഷം ഉഴുന്നും മറ്റും അരച്ചത് കൂട്ടിയോജിപ്പിക്കുക. കൈകൊണ്ടു കോരിയെടുക്കാവുന്ന വിധം മാത്രം വെള്ളം ചേർത്താൽ മതി. വൃത്താകൃതിയിലുള്ള പാത്രങ്ങളിലൊഴിച്ച് ഓശാനയ്ക്കു കിട്ടുന്ന കുരുത്തോല കുരിശാകൃതിയിൽ *(2 ഇഞ്ചു നീളം)* അപ്പത്തിന്മേൽ *(കുടുംബനാഥ)* വയ്ക്കുന്നു. അപ്പച്ചെമ്പിൽ ആവിക്കുവെച്ച് വേവിക്കുക. *(ഈർക്കിൽകൊണ്ട് കുത്തി നോക്കി അരിപ്പൊടി അതിൽ പിടിക്കുന്നില്ലെങ്കിൽ വെന്തെന്ന് അറിയാം).*

## ഇണ്ടറി അപ്പത്തിന്റെ പാൽ

### ചേരുവകൾ

| | |
|---|---|
| ശർക്കര | - 1 കിലോഗ്രാം |
| തേങ്ങാ | - 4 എണ്ണം |
| ജീരകം | - 15 ഗ്രാം |
| എള്ള് | - 25 ഗ്രാം ഓട്ടിൽ വറുത്തെടുക്കുക. |
| ഏലയ്ക്കാ | - 4 എണ്ണം |
| ചുക്ക് | - 1ചെറിയ കഷണം (5 ഗ്രാം) |

ഉപ്പ് ആവശ്യത്തിന്

### ഉണ്ടാക്കുന്ന വിധം

ശർക്കര ഒരു ഗ്ലാസ് വെള്ളമൊഴിച്ച് ഉരുക്കി അരിച്ചെടുക്കുക. തേങ്ങാ ചിരണ്ടിയെടുത്ത് 3 പ്രാവശ്യം പിഴിഞ്ഞെടുത്ത പാലിൽ *(ഏകദേശം 2 ലിറ്റർ)* അരിച്ചെടുത്ത ശർക്കര ചേർത്ത് അടുപ്പത്തു വച്ച് ഇളക്കിക്കൊണ്ടിരിക്കണം. തിളന്നു പോകാതെ ശ്രദ്ധിക്കണം. കുരുത്തോല കുരിശ് ആകൃതിയിൽ പാലിൽ *(2 ഇഞ്ച് മുറിച്ച്)* ഇടണം. തിളന്നു കഴിയുമ്പോൾ 3 സ്പൂൺ വറുത്ത അരിപ്പൊടി അല്പം തേങ്ങാപ്പാലിൽ കലക്കി അതിൽ ഒഴിക്കുക. പാത്രത്തിന്റെ മൂട്ടിൽ പിടിക്കാതെ ഇളക്കിക്കൊണ്ടിരിക്കണം. തിളന്നു കഴിയുമ്പോൾ വറുത്തു വച്ചിരിക്കുന്ന ജീരകം, എള്ള്, ഏലയ്ക്കാ, ചുക്ക് ഇവപൊടിച്ച് ഉപ്പും കൂട്ടി ഇറക്കി വക്കുക.

### അപ്പം മുറിക്കൽ

പെസഹാ വ്യാഴാഴ്ച അത്താഴത്തിനു ശേഷമാണ് അപ്പം മുറിക്കുക. എല്ലാവരും കൂടി ഭയഭക്തിയോടെ എഴുന്നേറ്റുനിന്ന് ഗൃഹനാഥന്റെ നേതൃത്വത്തിൽ പ്രാർത്ഥന ചൊല്ലുന്നു. ഗൃഹനാഥൻ എഴുന്നേറ്റുനിന്ന് കുരിശപ്പത്തിന്മേലുള്ള കുരുത്തോല എടുത്തുമാറ്റി കത്തികൊണ്ട് കുരിശാകൃതിയിൽ അപ്പം മുറിക്കുന്നു. തുടർന്ന് ആവശ്യാനുസരണം ചെറിയ കഷണങ്ങളാക്കി മുറിക്കുന്നു. മൂത്തവർ മുതൽ ഇരുകൈകളും നീട്ടി ഭക്തിയോടെ ഗൃഹനാഥന്റെ കൈയ്യിൽ നിന്നും അപ്പം വാങ്ങുന്നു. വലതുകൈയ്യിൽ അപ്പം എടുത്ത് ഇടതുകൈയ് വലതുകൈയുടെ മുട്ടിനു താഴെ *(ആദരവുകാണിക്കാൻ)* പിടിച്ചാണ് നല്കേണ്ടത്. പാൽ കപ്പുകളിൽ എടുത്ത് അതിൽ അപ്പം മുക്കിയാണ് കഴിക്കുക. വിശ്വാസികളല്ലാത്തവർക്ക് കുരിശപ്പം കൊടുക്കാറില്ല. അതിനുപകരം കുരിശുവയ്ക്കാതെ ഇലയിൽ മടക്കി വച്ച് അപ്പം ഉണ്ടാക്കാറുണ്ട്. അപ്പം മുറിക്കലിനു മുമ്പ് കുട്ടികൾക്കു കൊടുക്കുന്ന അപ്പവും കുരിശു വയ്ക്കാത്തതാണ്.

## കുടുംബത്തിൽ പെസഹാ ഭക്ഷണം (ഇണ്ടറിയപ്പം) മുറിക്കൽ ശുശ്രൂഷ.

**കാർമ്മി:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

*(ഒരു നിലവിളക്കോ തിരിയോ കത്തിച്ച് വെച്ചിരിക്കുന്നു.)*

**കാർമ്മി:** പ്രപഞ്ചത്തിന്റെ രാജാവായ ദൈവമേ, പ്രകാശത്തിന്റെ ദാതാവായ കർത്താവേ, അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു. എന്തെന്നാൽ അങ്ങു ഞങ്ങളെ വിശുദ്ധ ജനമായി തെരഞ്ഞെടുത്തു. കരുണയിൽ ഒരു കുടുംബമായി ഞങ്ങളെ പടുത്തുയർത്തി. അങ്ങു ചെയ്ത അത്ഭുതകൃത്യങ്ങളെല്ലാം അനുസ്മരിക്കുന്നതിന് ഈ പെസഹാ ഭക്ഷണത്തിനായി ഞങ്ങൾ ഈ ഭവനത്തിൽ സമ്മേളിച്ചിരിക്കുന്നു. ഇത് അനുഗ്രഹദായകമായി തീരുവാൻ ഞങ്ങളെ സഹായിക്കണമേ. നിത്യനായ സർവ്വേശ്വരാ എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

### സങ്കീർത്തനം 135

**കാർമ്മി:** നല്ലവനായ ദൈവത്തെ സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

**കാർമ്മി:** അത്യുന്നതനായ ദൈവത്തെ സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ .....

**കാർമ്മി:** അത്ഭുതപ്രവർത്തകനായ കർത്താവിനെ സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ .....

**കാർമ്മി:** ഇസ്രായേൽ ജനങ്ങളെ ഈജിപ്റ്റിൽ നിന്നു മോചിപ്പിച്ചവനെ സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ .....

**കാർമ്മി:** ചെങ്കടൽ വിഭജിച്ച് അതിന്റെ നടുവിൽക്കൂടി ഇസ്രായേലിനെ നയിച്ചവനെ സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ .....

**കാർമ്മി:** തന്റെ ജനങ്ങളെയെല്ലാം വനത്തിലൂടെ നയിച്ചവനെ സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ .....

**കാർമ്മി:** നമ്മുടെ സങ്കടകാലങ്ങളിൽ നമ്മെ ഓർത്തവനെ സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ .....

**കാർമ്മി:** നമ്മുടെ ശത്രുക്കളിൽനിന്നെല്ലാം നമ്മെ രക്ഷിച്ചവനെ സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ .....

**കാർമ്മി:** ലോകത്തിലുള്ള ജീവികൾക്കെല്ലാം ആഹാരം നൽകുന്നവനെ സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ .....

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ദൈവത്തെ കൃതജ്ഞതാപൂർവ്വം സ്തുതിക്കുവിൻ.

**സമൂഹം:** എന്തുകൊണ്ടെന്നാൽ .....

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, അങ്ങ് അത്ഭുതകരമായി ഇസ്രായേലിനെ പരിപാലിച്ചതുപോലെ ഞങ്ങളെയും പരിപാലിക്കണമേ. പുതിയ ഉടമ്പടിയിലെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഞങ്ങൾ അങ്ങയുടെ സംരക്ഷണം അനുഭവിക്കുവാനും കർത്താവീശോമിശിഹാ ഞങ്ങൾക്കായി നൽകിയ സ്വർഗ്ഗീയമന്ന ഭക്ഷിച്ച് ശക്തി

യാർജ്ജിച്ച് വാഗ്ദത്തഭൂമിയാകുന്ന സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുവാനും ഞങ്ങളെ സഹായിക്കേണമെ. നിത്യനായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

സർവ്വാധിപനാം കർത്താവേ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമോടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യന നിത്യമഹോന്നതമാം
ഉത്ഥാനം നീ അരുളുന്നു
അക്ഷയമവനുടെ ആത്മാവി-
നതുമെ രക്ഷയുമേകുന്നു.

**വേദപുസ്തക വായന**

*(പുറപ്പാടിന്റെ പുസ്തകം, അദ്ധ്യായം 12: 21 മുതൽ 31 വരെയും 41മു തൽ 42 വരെയുമുള്ള വാക്യങ്ങൾ ബൈബിളിൽനിന്നു വായിക്കുന്നു).*

**കാർമ്മി:** ഇസ്രായേൽക്കാരുടെ ഈജിപ്തിൽ നിന്നുള്ള മോചനവും വാഗ്ദത്തഭൂമിയിലേക്കുള്ള കടന്നുപോകലും അതിനായി ദൈവം തന്റെ ശക്തിയേറിയ സാന്നിദ്ധ്യം കാണിച്ചതും അനുസ്മരിക്കുന്ന രാത്രിയാണിത്. പഴയ നിയമത്തിലെ ഇവ ഓർക്കുന്നതോടൊപ്പം, പുതിയനിയമ പെസഹാവഴി മനുഷ്യവർഗ്ഗം മരണത്തിൽനിന്നും ജീവനിലേക്കു കടക്കുന്നതും, പാപത്തിന്റെ ദാസ്യത്തിൽനിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു കടന്നതും, ഈ രാത്രി നാമോർക്കുന്നു. നമ്മുടെ കർത്താവായ ഈശോമിശിഹാ അന്ത്യത്താഴത്തിൽ പരിശുദ്ധ കുർബാന സ്ഥാപിച്ചതും, സ്നേഹിക്കാനുള്ള കല്പന നല്കിയതും, ഗെദ്സമേനിൽ രക്തം വിയർത്തു പ്രാർത്ഥിച്ചതും, ഈ ശുശ്രൂഷ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇവയിലോരോന്നിനും ദൈവത്തിനു നന്ദി പറയുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

**കാറോസൂസാ**

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും സ്നേഹത്തോടും കൂടെനിന്ന്, കർത്താവേ അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു എന്നേറ്റു പറയാം.

**സമൂഹം:** അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**ശുശ്രൂഷി:** ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ എന്ന സ്നേഹത്തിന്റെ കല്പന ഞങ്ങൾക്കു നല്കിയ കർത്താവേ,

**സമൂഹം:** അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**ശുശ്രൂഷി:** എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു. എന്നു പറഞ്ഞുകൊണ്ട് ഞങ്ങൾക്കും ഞങ്ങളുടെ കുടുംബങ്ങൾക്കും സമാധാനം വാഗ്ദാനം ചെയ്ത കർത്താവേ.

**സമൂഹം:** അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**ശുശ്രൂഷി:** പഴയ നിയമത്തിലെ ബലി പൂർത്തിയാക്കി പുതിയ നിയമത്തിലെ സ്നേഹത്തിന്റെ ബലി ഞങ്ങൾക്കു നൽകിയ കർത്താവേ,

**സമൂഹം:** അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ ..... പാപ്പായേയും, ഞങ്ങളുടെ സഭാ തലവനായ മാർ ..... മെത്രാപ്പോലീത്തായേയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ ...... മെത്രാനേയും ഞങ്ങൾക്കു നല്കിയ കർത്താവേ,

**സമൂഹം:** അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ കുടുംബത്തിന്റെ കൂട്ടായ്മ ഉറപ്പിക്കുവാനും കാണിക്കാനും ഒരിക്കൽക്കൂടി ഈ കുടുംബത്തിലെ പെസഹാ വിരുന്നിൽ പങ്കെടുക്കുവാൻ ഞങ്ങളെ അനുവദിച്ച കർത്താവേ,

**സമൂഹം:** അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**ശുശ്രൂഷി:** പ്രാർത്ഥിക്കാം നമുക്കു സമാധാനം.

**കാർമ്മി:** നാം പങ്കുവെക്കുവാൻ പോകുന്ന ഈ പെസഹാ ഭക്ഷണത്തെയും നമ്മെയും ആശീർവ്വദിക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

*(അപ്പവും പാലും മേശപ്പുറത്തു വയ്ക്കുന്നു).*

**കാർമ്മി:** സ്നേഹനിധിയായ ദൈവമേ, സമയത്തിന്റെ പൂർണ്ണതയിൽ അങ്ങയുടെ പുത്രൻ വന്ന് പഴയ നിയമത്തിലെ പെസഹാ നവീകരിച്ചുവല്ലോ. പഴയ നിയമത്തിലെ പെസഹായും ഈശോമിശിഹാ ഞങ്ങൾക്കായി തന്ന പുതിയ പെസഹായും അനുസ്മരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണമെ. ഒരു കുടുംബമെന്ന നിലയിൽ, സ്നേഹത്തിലും ഒരുമയിലും, ജീവിച്ചും പങ്കുവെച്ചും, ശുശ്രൂഷ ചെയ്തും ജീവിക്കുവാൻ, ഈ അപ്പം ഭക്ഷിക്കുകയും, ഈ പാൽ പാനം ചെയ്യുകയും ചെയ്യുന്ന, ഈ കുടുംബാംഗങ്ങളെയെല്ലാം സഹായിക്കണമെ. നിത്യനായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(കാർമ്മികൻ അപ്പം കുരിശാകൃതിയിൽ മുറിക്കുന്നു. മുതിർന്നവർ മുതൽ കാർമ്മികനിൽ നിന്നും അപ്പം ഇരുകൈകളും നീട്ടി വാങ്ങിക്കുന്നു. യഥാസ്ഥാനങ്ങളിലിരുന്ന് കപ്പുകളിൽ പകർന്ന പാലിൽ അപ്പം മുക്കി ഭക്ഷിക്കുന്നു.)*

*-oOo-*